JAGRATHA - 123

Vol - 4, N0: 4

01 - 02 - 2010

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(കേരള കത്തോലിക്കാസഭയുടെ ഒരു ഇന്റർനെറ്റ് വാർത്താമാധ്യമം)

# ജാഗ്രത

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt





മലങ്കര കത്തോലിക്കാസഭയിലെ നിയുക്ത മെത്രാൻമാർക്ക് കെസിബിസി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ അഭിനന്ദനങ്ങൾ നേരുന്നു







## പ്രധാനവാർത്തകൾ

01. മലങ്കര കത്തോലിക്കാസഭയ്ക്ക് രണ്ടു പുതിയ രൂപതകൾ; നാല് പുതിയ ബിഷപ്പുമാർ

02. നിയമന നിബന്ധനകൾ അവകാശലംഘനം : കെസിബിസി

03. അധ്യാപക നിയമനത്തിൽ കൈകടത്താനുള്ള നീക്കം അംഗീകരിക്കില്ല : ഇന്റർ ചർച്ച് കൗൺസിൽ

04. സംവരണം അട്ടിമറിക്കാനുള്ള ശ്രമങ്ങളെ നേരിടും : ഡോ.എം.സൂസപാക്യം

## 01. മലങ്കര കത്തോലിക്കാസഭയ്ക്ക് രണ്ടു പുതിയ രൂപതകൾ; നാല് പുതിയ ബിഷപ്പുമാർ

മലങ്കര കത്തോലിക്കാസഭയിൽ രണ്ടു പുതിയ രൂപതകൾ രൂപീകരിച്ചു. നാല് പുതിയ ബിഷപ്പുമാരെയും നിയമിച്ചു. രണ്ടു ബിഷപ്പുമാരെ മാറ്റി പുതിയ രൂപതകളിൽ നിയമിച്ചു. പത്തനംതിട്ട, കർണാടകയിലെ പുത്തൂർ എന്നിവയാണ് പുതിയ രൂപതകൾ. റവ.ഡോ. വിൻസന്റ് കുളപ്പുറവിളൈ – മാർത്താണ്ഡം, റവ.ഡോ.സാമുവൽ കാട്ടുകല്ലിൽ – തിരുവനന്തപുരം മേജർ അതിരൂപത സഹായമെത്രാൻ, റവ.ഡോ സ്റ്റീഫൻ തോട്ടത്തിൽ– തിരുവല്ല അതിരൂപത സഹായമെത്രാൻ, റവ.ഡോ. ആന്റണി വലിയവിളയിൽ – സഭാ കൂരിയ എന്നിവരാണ് പുതിയ ബിഷപ്പുമാർ. മാർത്താണ്ഡം രൂപതയിലെ ഇപ്പോഴത്തെ ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റമാണ് പത്തനംതിട്ട രൂപതയുടെ പുതിയ ബിഷപ്. ബത്തേരി രൂപതയുടെ ബിഷപ് ഗീവർഗീസ് മാർ ദിവന്നാസിയോസാണ് പുത്തൂർ രൂപതയുടെ ബിഷപ്. വടക്കേ അമേരിക്കയുടേയും യൂറോപ്പിന്റേയും അപ്പസ്തോലിക് വിസിറ്റർ ജോസഫ് മാർ തോമസ് ബത്തേരി രൂപതയുടെ പുതിയ മെത്രാനായി നിയമിതനായി. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ഇന്നലെ പട്ടം കത്തീഡ്രലിൽ മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയാണ് പ്രഖ്യാപനം നടത്തിയത്. ഈ സമയം പള്ളി മണികൾ മുഴങ്ങി. വിശ്വാസികൾ പ്രാർഥനാ മന്ത്രങ്ങൾ ഉരുവിട്ട് കരഘോഷം മുഴക്കി. പുതിയ മെത്രാൻമാരെയും രൂപതകളും പ്രഖ്യാപിച്ചുകൊണ്ടുള്ള അറിയിപ്പ് റോമിലും സഭയുടെ ആസ്ഥാനമായ തിരുവനന്തപുരത്തും ഇന്ത്യൻ സമയം 4.30 നാണ് നടന്നത്. തിരുവല്ല, മാർത്താണ്ഡം, ബത്തേരി ദ്രാസന കേന്ദ്രങ്ങളിലും തത്സമയം പ്രഖ്യാപനങ്ങൾ നടന്നു. സഭയിലെ മെത്രാപ്പോലീത്താമാരുടേയും സന്യാസ സമൂഹ ശ്രേഷ്ഠൻമാരുടേയും വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. കൂരിയ വൈസ് ചാൻസലർ ഫാ.ജോൺ കൊച്ചുതുണ്ടിൽ ആണ് റോമിൽ നിന്നുള്ള അറിയിപ്പ് വായിച്ചത്. തുടർന്ന് മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ നിയുക്ത മെത്രാന്മാരെ സ്ഥാനചിഹ്നങ്ങളണിയിച്ചു. ബിഷപ് ജോഷ്വ മാർ ഇഗ്നാത്തിയോസ് ചുവന്ന ഇടക്കെട്ടും ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം കറുത്ത മേലങ്കിയും അണിയിച്ചു. പത്തനംതിട്ടയുടെ പുതിയ ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റമിനെ ബിഷപ് ജേക്കബ് മാർ ബർണബാസ് ഷാൾ അണിയിച്ചു. തുടർന്ന് ബിഷപ് ജോഷ്വ മാർ ഇഗ്നാത്തിയോസ് നിയുക്ത മെത്രാന്മാരെ അനുമോദിച്ച് പ്രസംഗിച്ചു. മൂന്നു നോമ്പിന്റെ ഒമ്പതാം യാമ പ്രാർഥനയോടെയാണ് ശുശ്രൂഷ ആരംഭിച്ചത്. മാതാവിന്റെ കുക്കിലിയോൺ പ്രാർഥിച്ചുകൊണ്ട് ശുശ്രൂഷ പൂർത്തിയാക്കി. പിതാക്കന്മാരുടെ കബറിങ്കൽ ധൂപ പ്രാർഥനയും നടത്തി. തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച് ബിഷപ് ഡോ.എം സൂസപാക്യം, കോർഎപ്പിസ്കോപ്പാമാരായ ജോൺപുത്തൻവിള, തോമസ് കുമ്പുകാട്ട്, തോമസ് താന്നിക്കാക്കുഴി എന്നിവരും മോൺ.ജയിംസ് പാറവിള, ഡിജിപി ജേക്കബ് പുന്നൂസ്, എഡിജിപി സിബി മാത്യൂസ്, മുൻ ചീഫ് സെക്രട്ടറിമാരായ ജോൺ മത്തായി, ലിസി ജേക്കബ് എന്നിവരും ലിഡ ജേക്കബ്, ഡോ.ജോർജ് ഓണക്കൂർ തുടങ്ങിയ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു. നാലു മെത്രാന്മാരുടേയും അഭിഷേകം ഒരുമിച്ച് മാർച്ച് 13ന് തിരുവനന്തപുരത്തു നടത്തും. പുത്തൂർ, പത്തനംതിട്ട, ബത്തേരി, മാർത്താണ്ഡം രൂപതാ മെത്രാന്മാരുടെ സ്ഥാനാരോഹണം അതത് രൂപതകളിൽ നടക്കും. തീയതി തീരുമാനിച്ചിട്ടില്ല. തിരുവന ന്തപുരം മേജർ അതിഭദ്രാസനം വിഭജിച്ചാണ് പുതിയ പത്തനംതിട്ട ഭദ്രാസനം രൂപീകരിച്ചത്. പത്തനംതിട്ട, റാന്നി–പെരുനാട്, പന്തളം എന്നീ വൈദിക ജില്ലകളും അടൂർ വൈദീക ജില്ലയിലെ ആനന്ദപ്പള്ളി, അങ്ങാടിക്കൽ, ചന്ദനപ്പള്ളി, പൊങ്ങലടി, തട്ട എന്നീ ഇടവകകളും പുതിയ ഭദ്രാസനത്തിൽ പെടുന്നു. 100 ഇടവകകളാണ് പുതിയ ഭദ്രാസനത്തിലുള്ളത്. ബത്തേരി ഭദ്രാസനത്തിന്റെ വടക്കൻ പ്രദേശങ്ങൾ ഉൾപ്പെടുത്തിയാണ് പുതിയ പുത്തൂർ ഭദ്രാസനം സ്ഥാപിച്ചത്. കർണാടകത്തിലെ ദക്ഷിണ കന്നഡ, ചാമരാജ് നഗർ, ചിക്കമംഗലൂർ, ഹസൻ, കുടക്, മാണ്ഡ്യ, മൈസൂർ, ഷിമോഗ, ഉഡുപ്പി എന്നീ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്നു ഈ ഭദ്രാസനം. 21 ഇടവകകൾ ആണ് ഈ ഭദ്രാസനത്തിന് കീഴിലുള്ളത്

## 02. നിയമന നിബന്ധനകൾ അവകാശലംഘനം : കെസിബിസി

2006-2007 വർഷം മുതൽ എയ്ഡഡ് സ്കൂളിലെ പുതിയ ഡിവിഷനുകളിലെ നിയമനം അംഗീകരിച്ചുകൊണ്ട് ഈ മാസം 12ന് വിദ്യാഭ്യാസവകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലെ നിബന്ധനകൾ അവകാശലംഘനമാണെന്നു കെസിബിസി. നിലവിലുള്ള കേരള സംസ്ഥാന വിദ്യാഭ്യാസ ചട്ടങ്ങൾക്കു വിരുദ്ധവും ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനവുമായ ഉത്തരവു പിൻവലിക്കണമെന്ന് കെസിബിസി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. എയ്ഡഡ് സ്കൂളിലെ അധ്യാപകനിയമനം മാനേജർമാരുടെ അവകാശമാണ്. അതിനു വിരുദ്ധമായി ഇപ്പോൾ അംഗീകരിക്കപ്പെടുന്ന തസ്തികകൾക്കു തത്തുല്യമായ എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാമെന്ന് മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് കൊടുക്കാനുള്ള നിബന്ധന നിയമ വിരുദ്ധമായതിനാൽ അംഗീകരിക്കാനാവില്ല. ഇനി വരുന്ന പുതിയ ഡിവിഷനുകളിൽ 1:1 അനുപാതത്തിലുള്ള നിയമന നിർദേശവും അവകാശങ്ങളുടെ മേലുള്ള കൈയേറ്റമാണ്. കേരളത്തിലെ വിദ്യാഭ്യാസമേഖലയെ പക്വതയില്ലാത്ത പരിഷ്കാരങ്ങളിലൂടെ അനുദിനം തകർത്തുകൊണ്ടിരിക്കുന്ന ഇടതുപക്ഷസർക്കാരിന്റെ ന്യൂനപക്ഷപീഡനത്തിന്റെ മറ്റൊരു രൂപമാണ് ഇപ്പോഴത്തെ പുതിയ എയ്ഡഡ് സ്കൂൾ നിയമന നിബന്ധനകൾ. നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് സർക്കാരുമായി ധാരണയിലോ കരാറിലോ ഏർപ്പെടരുതെന്നു കെസിബിസി കേരളത്തിലെ കത്തോലിക്കാ സ്കൂളുകളുടെ മാനേജർമാർക്ക് നിർദേശം നല്കിയിട്ടുണ്ട്. എയ്ഡഡ് സ്കൂൾ നിയമന നിബന്ധനകൾക്കെതിരേ കോടതിയെ സമീപിക്കാനും തീരുമാനിച്ചതായി കെസിബിസി പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

## 03. അധ്യാപക നിയമനത്തിൽ കൈകടത്താനുള്ള നീക്കം അംഗീകരിക്കില്ല : ഇന്റർ ചർച്ച് കൗൺസിൽ

ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് ന്യൂനപക്ഷങ്ങളുടെ വിദ്യാലയങ്ങളിലെ അധ്യാപക നിയമനത്തിൽ കൈകടത്താനുള്ള വിദ്യാഭ്യാസവകുപ്പിന്റെ നീക്കം അംഗീകരിക്കാനാവില്ലെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ പ്രസ്താവിച്ചു. പ്രൊട്ടക്റ്റഡ് അധ്യാപകരെ ന്യൂനപക്ഷങ്ങളുടെ വിദ്യാലയങ്ങളിലേക്കു വിന്യസിക്കാനുള്ള വിദ്യാഭ്യാസവകുപ്പിന്റെ നീക്കത്തോടു പ്രതികരിക്കുകയായിരുന്നു കൗൺസിൽ. അധ്യാപകരുടെ നിയമന നിരോധനം പിൻവലിച്ചുവെന്നു പറഞ്ഞുകൊണ്ട് വിദ്യാഭ്യാസ വകുപ്പിറക്കിയിരിക്കുന്ന ഉത്തരവിൽ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം അവഗണിച്ചുകൊണ്ടാണ് അധ്യാപകരെ നിയമിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ഭരണഘടനാവിരുദ്ധമായ ഈ ഉത്തരവുകൾ നിലനിൽക്കുകയില്ലെന്നറിഞ്ഞുകൊണ്ടുതന്നെയുള്ള ഈ നീക്കം പൊതുജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു തന്ത്രമായിട്ടാണ് കാണാൻ കഴിയുന്നത്. ജനാധിപത്യപരവും ഭരണഘടനാപരവുമായ അവകാശം ഒരു സമൂഹത്തിനു നിഷേധിക്കാൻ വിദ്യാഭ്യാസവകുപ്പ് ഇവിടെ ബലപ്രയോഗത്തിന്റെ മാർഗം അവലംബിക്കുകയാണ്. ഇത് തികച്ചും അപകടകരവും അസ്വീകാര്യവുമാണ്. ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കുന്നവർ ജനാധിപത്യവിരുദ്ധരും സർവാധിപത്യ നിലപാടുകാരുമാണ്. അധ്യാപക നിയമനത്തിലുള്ള അവകാശം വിദ്യാഭ്യാസ അവകാശത്തിന്റെ തന്നെ ഭാഗമാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ഉയർന്ന പൊതുവിദ്യാഭ്യാസ നിലവാരത്തിനു കാരണം ഇവിടുത്തെ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനമാണ് എന്നതു വിസ്മരിക്കരുത്. അവയുടെ നിലനില്പ് തന്നെ അപകടത്തിലാക്കുന്ന നീക്കമാണ് ഇപ്പോൾ സർക്കാർ നടത്തുന്നത്. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ തകർക്കുന്ന നീക്കങ്ങളിൽനിന്നും സർക്കാർ പിൻവാങ്ങണം. ജനാധിപത്യപരമായ അവകാശങ്ങൾ മാനിക്കാനും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പിന്തുണ നല്കി ഗുണമേന്മയുള്ള വിദ്യാഭ്യാസം വളർത്തിക്കൊണ്ടുവരുവാനുമാണ് സർക്കാർ ശ്രമിക്കേണ്ടത്. അല്ലാതെ അവയെ തകർക്കാനല്ല.

## 04. സംവരണം അട്ടിമറിക്കാനുള്ള ശ്രമങ്ങളെ നേരിടും : ഡോ.എം.സൂസപാക്യം

സംവരണം അട്ടിമറിക്കാനുള്ള ശ്രമങ്ങളെ നിയമപരമായും സാമുദായികമായും നേരിടുമെന്നു ആർച്ച് ബിഷപ് ഡോ.എം.സൂസപാക്യം. ഇടക്കൊച്ചി അക്വിനാസ് ആൽഫാ പാസ്റ്ററൽ സെന്ററിൽ ആരംഭിച്ച കേരളാ റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ 15-ാമത് ജനറൽ ബോഡി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. കെആർഎൽസിസി രൂപീകരിക്കപ്പെട്ട ശേഷം അൽമായ കമ്മീഷൻ സംവരണക്കാര്യത്തിൽ ശക്തമായ ചില നീക്കങ്ങൾ നടത്തിയിരുന്നു. എന്നാൽ, സംവരണത്തെ അട്ടിമറിക്കുവാനായി നിക്ഷിപ്ത താത്പര്യക്കാരിൽ നിന്നും നിരന്തരമായി നീക്കങ്ങൾ ഉണ്ടായിരിക്കുകയാണ്. എല്ലാ വിഭാഗങ്ങളിലും അവശതയനുഭവിക്കുന്നവർ ഉണ്ടെന്നത് വസ്തുതയാണ്. ന്യായമായ മാർഗങ്ങളിലൂടെ ഇത്തരക്കാരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ സഹകരിക്കുവാനും ലത്തീൻ സമൂഹം തയാറാണ്. എന്നാൽ, സംവരണം സ്ഥായിയായ ഒരു പരിഹാരമാർഗമല്ലെന്നും ചരിത്രപരമായി അവശതകൾ അനുഭവിക്കുന്ന ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള താത്കാലിക ഉപാധി മാത്രവുമാണെന്ന് മനസിലാക്കണം. ഉദ്ദേശിച്ച തരത്തിൽ സംവരണം നടപ്പാക്കിയിരുന്നെങ്കിൽ ഇന്ന് സംവരണത്തിന്റെ ആവശ്യകത തന്നെ ഇല്ലാതാകുമായിരുന്നു - ആർച്ച് ബിഷപ് പറഞ്ഞു. ലത്തീൻ സമൂഹത്തിന് ജനസംഖ്യാനുപാദികമായ സമത്വം കൈവരിക്കാൻ ഇനിയും സാധിച്ചിട്ടില്ല. എല്ലാ തലങ്ങളിലും സ്വാധീനമുള്ള സമുദായങ്ങൾ പിടിമുറുക്കുകയും അവശ സമുദായങ്ങൾ തഴയപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്നുള്ളത്. സമ്മർദ തന്ത്രങ്ങളിലൂടെ ചരിത്ര വസ്തുതകളെ തമസ്ക്കരിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഇതിനെതിരായി ക്രൈസ്തവ സമൂഹം ജാഗരൂകരായിരിക്കണം. ഇത്തരമവസ്ഥയിൽ സഭാ ചരിത്രത്തെ വസ്തുനിഷ്ഠമായി അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നതായും ആർച്ച് ബിഷപ് ഡോ.സൂസപാക്യം കൂട്ടിച്ചേർത്തു. കേന്ദ്രസർക്കാർ കൊണ്ടു വന്നിരിക്കുന്ന കടൽ മത്സ്യ ബന്ധന പരിപാലന നിയമം പരമ്പരാഗത മത്സ്യ ബന്ധനക്കാരെ അടിച്ചമർത്തുന്നതാണെന്ന് തീരദേശ മത്സ്യതൊഴിലാളി സമൂഹത്തിനായി ആരംഭിച്ച (കടൽ) കോസ്റ്റൽ ഏരിയാ ഡവലപ്മെന്റ് അസോസിയേഷൻ ഫോർ ലിബറേഷൻ എന്ന സംഘടന ഉദ്ഘാടനം ചെയ്തു കൊണ്ട് ആർച്ച് ബിഷപ് വ്യക്തമാക്കി. അല്മായ കമ്മീഷന്റെ കീഴിൽ വനിതകൾക്ക് മാത്രമായുള്ള വനിതാ വേദിയായ കേരളാ ലാറ്റിൻ കാത്തലിക് വിമെൻസ് അസോസിയേഷനും ആർച്ച് ബിഷപ് ഉദ്ഘാടനം ചെയ്തു. ചാൾസ് ഡയസ് എംപി ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു. കൊച്ചി ബിഷപ് ഡോ.ജോസഫ് കരിയിൽ, കെആർഎൽസിസി ജനറൽ സെക്രട്ടറി ഫാ.സ്റ്റീഫൻ ജി.കുളക്കായത്തിൽ, ഡോ.ജെ.ബി രാജൻ, ജെയിൻ ആൻസിൽ ഫ്രാൻസിസ്, ഫാ.സെബാസ്റ്റ്യൻ ഏരിയങ്ങലത്ത് എന്നിവർ പ്രസംഗിച്ചു.

**"Jagratha News"** - An internet news service is free and for private circulation, Web: jagrathakcbc.blogspot.com. Designed and Edited by Fr. Johny Kochuparambil MST, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25